# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ –4505

28.06.2012 ൽ മറുപടിക്ക്

## ചമ്രവട്ടം – ആശാൻപടി– താനൂർ തീരദേശപാത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | ചമ്രവട്ടം റഗുലേറ്റർ– കം– ബ്രിഡ്ജ് തുറന്നതോടെ സമീപ പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, ഇതിന് പരിഹാരമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ചമ്രവട്ടം മുതൽ കടലുണ്ടി വരെയുള്ള റോഡ് ബി.എം & ബി.സി. ചെയ്യാനുള്ള ഭാഗങ്ങൾ പൂർത്തീകരിക്കുന്നതിനും പ്രധാന കവലകൾ നവീകരിക്കുന്നതിനും വേണ്ട പദ്ധതികളുടെ കരട് രൂപ - രേഖ 30-05-2012 ൽ മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സമർപ്പിക്കുകയുണ്ടായി. ഇതിനോടനുബന്ധിച്ചുള്ള താനാളൂർ - പുത്തനത്താണി റോഡിനും, തിരൂർ - പൊൻമുണ്ടം ബൈപാസ് 2 ഉം, 3 ഉം ഘട്ടങ്ങളുടെ പണികൾക്കും തുക ഉൾകൊള്ളിക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. പൊന്നാനി (നിരത്തുകൾ) ഉപവിഭാഗത്തിന്റെ കീഴിലുള്ള ചമ്രവട്ടം ജംഗ്ഷൻ മുതൽ നരിപ്പറമ്പ് ജംഗ്ഷൻ വരെയുള്ള ബൈപാസ് നിർമ്മാണം ദേശീയപാത 17-ൽ നിന്നും പള്ളിപ്പുറം ജംഗ്ഷൻ വരെയും നരിപ്പറമ്പ് - പോത്തനൂർ - പെരുംപറമ്പ് - എടപ്പാൾ അങ്ങാടി റോഡ് എന്നിവ |

വീതികൂട്ടി ബി.എം & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന തിനുള്ളതും, നരിപ്പറമ്പ് - ചമ്രവട്ടം - പള്ളിപ്പുറം - പെരുംപറമ്പ് - പോത്തനൂർ - എടപ്പാൾ അങ്ങാടി എന്നീ കവലകൾ നവീകരി ക്കുന്നതിനും ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കു ന്നതിനുള്ള ശുപാർശകൾ 30.05.2012- ൽ ബഹു.മുഖ്യമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മഞ്ചേരി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ചമ്രവട്ടം പാലം മുതൽ ആശാൻപടി– താനൂർ വഴി കടന്നുപോകുന്ന തീരദേശപാത നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | തിരൂർ– കടലുണ്ടി റൂട്ടിലും, ഈ റോഡ് ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന വട്ടത്താണി– പുത്തനത്താണി റൂട്ടിലും എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഡി) | തിരൂർ- കടലുണ്ടി ഭാഗം ടി തീരദേശ പാത പദ്ധതിയുടെ മൂന്നാം ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. താനളൂർ - പുത്തനാണി 13 Km BM &BC ചെയ്ത് നവീകരിക്കുന്നതിന് 2011 -ൽ ലഭിച്ച നിർദ്ദേശം ഫണ്ടിന്റെ അപര്യാപ്തത കാരണം നൽകാനായില്ല. ഈ പ്രവൃത്തിക്ക് 18.4.12 - ലെ സർക്കുലറിൽ അനുശാസിക്കുന്ന പ്രകാരം വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ 30.05.12 - ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ |

(ഇ) ഈ പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ?

കൂടിയ യോഗത്തിൽ ഈ റോഡ് നവീകരണത്തിന് തീരുമാനമായിട്ടുണ്ട്.

(ഇ) ആർ.ബി.ഡി.സി.കെ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ